**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2831** **24-02-2026 - ൽ മറുപടിയ്ക്ക്**

**വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ താല്കാലിക ബണ്ടുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി ഉന്നതികളിലും മലയോര ഗ്രാമങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുറുമാലിപ്പുഴയിൽ എല്ലാ വർഷവും നിർമ്മിക്കാറുള്ള താൽക്കാലിക ബണ്ടുകൾ ഇനിയും നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുറുമാലി പുഴയ്ക്ക് കുറുകെ കാരുകുളം, കന്നാറ്റുപാടം, തോട്ടുമുഖം, വാസുപുരം എന്നിവിടങ്ങളിൽ 4 താൽക്കാലിക തടയണകൾ എല്ലാ വർഷവും നിർമ്മിക്കാറുണ്ട്. ഈ വർഷം 31/01/2026 നകം 4 തടയണകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | അടിയന്തിരമായി താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | താൽക്കാലിക തടയണ നിർമ്മിച്ച് മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തുടർ വർഷങ്ങളിൽ പ്ലാസ്റ്റിക് ചാക്കുകൾക്കു പകരം മറ്റ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിന് കൂടുതൽ തുക അനുവദിക്കുമോ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ